## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 268 — 28.06.2016 ൽ മറുപടിയ്ക്ക്

### വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.കെ. വിജയൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിലക്കയറ്റം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കാമോ? | (എ) നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് നേരിടാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി സംസ്ഥാന ബജറ്റിൽ അനുവദിച്ചിരുന്ന 70 കോടി രൂപ 150 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്.<br><br>നിലവിൽ പൊതുവിപണിയിലുണ്ടാകുന്ന അവശ്യ വസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 13 ഇനം അവശ്യ വസ്തുക്കൾ 20% മുതൽ 62% വരെ സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നു. കൂടാതെ സബ്സിഡി സാധനങ്ങൾ ഉൾപ്പെടെ 21 ഇനം അവശ്യ ഭക്ഷ്യ ധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20% വരെ വില കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഉപഭോക്താവിന് ഗുണമേന്മയുള്ള ഗോതമ്പ് പൊടി ലഭ്യമാക്കുന്നതിന് കിലോയ്ക്ക് 15 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻ കടകൾ വഴിയും, സപ്ലൈകോ വിൽപ്പനശാലകൾ വഴിയും വിതരണം നടത്തി വരുന്നു.<br><br>വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്, അന്യായ വില, മറ്റ് നിയമ ലംഘനങ്ങൾ എന്നിവ തടയുന്നതിനായി ജില്ലാ കളക്ടർമാരുടെയും, സിവിൽ സപ്ലൈസ് വകുപ്പിന്റേയും നേതൃത്വത്തിൽ, പോലീസ്, ലീഗൽ മെട്രോളജി, റവന്യൂ, ആരോഗ്യം, നികുതി എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ശക്തമായ പരിശോധനകളും, റെയ്ഡുകളും നടത്തിവരുന്നു.<br><br>കൂടാതെ വിലക്കയറ്റത്തിന്റെ യഥാർത്ഥ കാരണം മനസ്സിലാക്കി ആയത് പരിഹരിച്ച് വിലക്കയറ്റം നിയന്ത്രണവിധേയമാക്കുന്നതിനുള്ള കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനം എടുക്കുവാൻ സംസ്ഥാനത്തെ മൊത്ത വ്യാപാരികളുടെ യോഗം വിളിച്ച് ചേർക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ പങ്കെടുത്ത വ്യാപാരികൾ വിലക്കയറ്റം നിയന്ത്രണവിധേയമാക്കുന്നതിന് സർക്കാർ കൈക്കൊള്ളുന്ന നടപടികൾക്ക് അവരുടെ ആത്മാർത്ഥമായ സഹകരണം ഉറപ്പ് നൽകിയിട്ടുണ്ട്. അവശ്യ സാധനങ്ങളുടെ ലഭ്യതയും, ന്യായവില വിപണനവും ഉറപ്പ് വരുത്തുന്നതിനും ധാരണയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ